പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5017 — 30.06.2014 -ൽ മറുപടിയ്ക്ക്

# മദ്യപാനികളുടെ ശല്യപ്പെടുത്തലിനെതിരെ നടപടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ബി. സത്യൻ | | ശ്രീ. കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പ് ഇപ്പോൾ ഏറ്റെടുത്ത് നിർമ്മാണ പ്രവർത്തനം നടത്തിവരുന്ന ഞാവേലിക്കോണം-പോങ്ങനാട് റോഡിലേക്ക് കിളിമാനൂരിലെ സ്വകാര്യ ബാറിൽനിന്നും മദ്യപിച്ചിറങ്ങുന്നവർ സ്ത്രീകളേയും കുട്ടികളേയും ശല്യപ്പെടുത്തുന്നുവെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | എങ്കിൽ ഇതിനെതിരെ എക്സൈസ് വകുപ്പ് എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | (ബി) | ബാധകമല്ല. |
| (സി) | പൊതുവഴി ബാറുകൾക്ക് ഉപയോഗിക്കുവാൻ വ്യവസ്ഥയുണ്ടോയെന്ന് വ്യക്തമാക്കുമോ ; | (സി) | എല്ലാവർക്കും ഉപയോഗിക്കാം. |
| (ഡി) | ബാറിലേക്കുള്ളവഴി ബാറുടമയുടെ കൈവശമുള്ള ഭൂമിയിലൂടെയാക്കാനും, ഇപ്പോൾ പൊതുജനത്തിന് ഉണ്ടായിക്കൊണ്ടിരിക്കുന്ന ബുദ്ധിമുട്ട് ഒഴിവാക്കാനും നടപടി സ്വീകരിക്കുമോ ? | (ഡി) | ബാറിലേക്കുള്ളവഴി ബാറുടമയുടെ കൈവശമുള്ള ഭൂമിയിലൂടെയാക്കുന്നതിന് ബാറുടമ തീരുമാനിക്കേണ്ടതാണ്. പൊതുജനങ്ങൾക്ക് ബുദ്ധിമുട്ടുകൾ ഉണ്ടാകാതിരിക്കാൻ ടി സ്ഥലത്ത് ശക്തമായ പട്രോളിംഗ് നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ